# ഇടശ്ശേരിയും പുഃസാഹിത്യവും

**എം.എൻ. കുറുപ്പ്**

ഗുജറാത്തിൽ, അഹമ്മദാബാദിലെ ലേബർ കോളനിയിൽ കമ്മ്യൂണിസ്റ്റ് (മാർക്സിസ്റ്റ്) പാർട്ടി ജില്ലാകമ്മറ്റി സെക്രട്ടറി സി. പ്രഭാകരന്റെ വീട്ടിൽ ഞാൻ മൂടിപ്പുതച്ചു കിടക്കുകയാണ്. നേരം വെളുത്തുവരുന്നു. "ഒരു മുല്ലപ്പൂവുപോലെ പൂർവാദ്രിച്ചെരുവിങ്കൽ" സൂര്യൻ ഉദിക്കുന്നതേയുള്ളു. "മഞ്ഞുപുതപ്പുംമാറ്റിപ്പുലരൊളി പുൽകിയുണർന്നു" വരുന്നതേയുള്ളു.

പുറത്തെ തളത്തിൽ ഒരു സഖാവ് ഒക്ടോബർ 17-ന്റെ ടൈംസ് ഓഫ് ഇന്ത്യ (ഗുജറാത്ത് എഡിഷൻ) ഉറക്കെ വായിക്കുന്നു. പാതിബോധത്തിൽ വായന ഞാൻ ശ്രദ്ധിക്കുന്നുണ്ടായിരുന്നു. മലയാളകവി ഗോവിന്ദൻനായർ നിര്യാതനായി - ഈ ഇംഗ്ലീഷ് വാർത്ത അദ്ദേഹം വായിച്ചതുകേട്ട് ഞാൻ ഞെട്ടി എഴുന്നേറ്റ് ഓടിച്ചെന്നു. പത്രത്തിന്റെ അകത്തെ പേജിൽ ഒരു മൂലയിൽ ഏറ്റവും ചെറിയ അക്ഷരത്തിൽ, ആ മഹാകവിയുടെ നിര്യാണവാർത്ത - ഇടശ്ശേരി അന്തരിച്ചു! ഇടശ്ശേരിയെ - ആ മഹാകവിയെക്കുറിച്ച് ഈ ഇംഗ്ലീഷ് പത്രത്തിന് എന്തറിയാം. മസ്താനും, അബ്ദുള്ളയ്ക്കും വീരകഥകളുടെ ആവരണം നൽകി കോളങ്ങൾ അടിച്ചുവിടുന്ന പത്രങ്ങൾക്ക്, ഇടശ്ശേരിക്കുവേണ്ടി ഒരു പതിനെട്ടുപോയിന്റെങ്കിലും വിനിയോഗിക്കാൻ മനോഭാവമുണ്ടായില്ല. ഇടശ്ശേരിയോടൊപ്പം നിൽക്കാൻ ആരുണ്ട് ഒരു മഹാകവി, വർത്തമാനകാലത്ത് നമ്മുടെ ഭാരതത്തിൽ? അദ്ദേഹം പ്രസിദ്ധിക്കുവേണ്ടി സേവപിടിച്ചില്ല. പദവിക്കുവേണ്ടി ആരുടെയും പാദം ചുമന്നില്ല. സ്ഥാനമാനങ്ങളും പണവും നേടാൻ ഒരു ക്ലിക്കിലും അകപ്പെട്ടിരുന്നതുമില്ല. പലരും അദ്ദേഹത്തെ ക്ലിക്കിലാക്കാനും, പാട്ടിലാക്കാനും നോക്കിയതു പരാജയപ്പെട്ടിട്ടേയുള്ളു. പൊന്നാനിയിലെ കച്ചേരിമുറിയിലിരുന്ന് ജീവിക്കാൻവേണ്ടിയദ്ദേഹം എഴുതി. പൊന്നാനി ഗ്രാമത്തിലെ അവശരിൽ അവശരായ മനുഷ്യരുടെ ഉറ്റതോഴനായദ്ദേഹം ജീവിച്ചു. കുടുംബവഴക്കുമുതൽ പൊലീസ് കേസ് വരെയുള്ള പ്രശ്നങ്ങളിൽ അദ്ദേഹത്തിന്റെ ഉപദേശമായിരുന്നു അവിടെയുള്ള പാവപ്പെട്ടവർ ആദ്യമായന്വേഷിക്കുന്നത്. ഗൗരവപ്രശ്നങ്ങളെ തമാശയിൽ ലയിപ്പിച്ച് സ്വയം പൊട്ടിച്ചിരിച്ച് അതിൽ മററുള്ളവരെക്കൂടി ഒഴുക്കുക - ഇത് ഇടശ്ശേരിയുടെ സഹജസ്വഭാവമായിരുന്നു.

## ഉറച്ച സഹായി

ഇത്ര ക്ഷിപ്രപ്രാപ്യനായ ഒരു മഹാകവി എത്രയോ അപൂർവം. എട്ടുപത്തുകൊല്ലക്കാലത്തെ പരിചയം മാത്രമേ ഉള്ളൂ ഞങ്ങൾ തമ്മിൽ. പക്ഷേ, സഹസ്രാബ്ദങ്ങളുടെ ബന്ധപാരമ്പര്യം അദ്ദേഹം എന്നിൽ - എന്നെപ്പോലെ അദ്ദേഹവുമായി അടുത്തിട്ടുള്ളവരിലെല്ലാം വേരുപിടിപ്പിച്ചിട്ടുണ്ട്. സ്റ്റെയിൻലസ് ബ്ളെയ്ഡ് മുതൽ ഹൈഡ്രജൻ ബോംബുവരെ അദ്ദേഹത്തിന് പ്രശ്നമാണ്. ഒരിക്കൽ എന്നോടദ്ദേഹം അദ്ദേഹത്തിന്റെ വീട്ടിൽവെച്ചു പറഞ്ഞു: "കുറുപ്പേ, ഈ സ്റ്റെയിൻലസ് ബ്ളേഡ് ഒരു പ്രശ്നമാണ്. ഇതെവിടെ ഉപേക്ഷിയ്ക്കും. മണ്ണിലിട്ടാൽ തുരുമ്പിയ്ക്കില്ല. വെയ്ക്കാൻ ഇടവുമില്ല!"

വാരികയ്ക്കും വിശേഷാൽപ്രതിയ്ക്കും വേണ്ടി മററുള്ളവരെ സമീപിക്കുന്നതുപോലുള്ള വിഷമം ദേശാഭിമാനിക്ക് ഇടശ്ശേരിയിൽനിന്ന് ഉണ്ടായിട്ടില്ല. കത്ത് അയച്ചാൽ മടക്കത്തപാലിൽ മറുപടിവരും. റിമൈൻഡറിന്റെ പ്രശ്നമേയില്ല. മറുപടി എത്തുമ്പോൾ വിട്ടുപോകാത്ത ഒരു ചോദ്യമുണ്ട്, കുടുംബത്തിനൊക്കെ ക്ഷേമം തന്നെയല്ലേ! ഇത് ഒരു ഔപചാരികത്വമല്ല; നിഷ്കളങ്കമായ ചോദ്യമാണ്. എന്നോട് മാത്രമല്ല, അദ്ദേഹവുമായി പരിചയപ്പെട്ടിട്ടുള്ളവരോടെല്ലാം ചോദിക്കും. എന്നോട് ചോദിക്കുമ്പോൾ എന്റെ പാർട്ടിയുടെ നേതാക്കളുടെ ആരോഗ്യക്കാര്യമാണദ്ദേഹം കൂടുതൽ ചോദിക്കാറുള്ളത്. 64-ൽ എന്റെ പാർട്ടിയുടെ നേതാക്കളെയും ദേശാഭിമാനിയുടെ ചീഫ് എഡിററടക്കം പത്രാധിപന്മാരേയും അറസ്റ്റുചെയ്ത് ജയിലിലാക്കി ചീനാചാരന്മാരെന്നു മുദ്രകുത്തി സർക്കാർ പ്രചരിപ്പിച്ചുകൊണ്ടിരുന്ന കാലത്ത് ഒരു മഹാ സാഹിത്യകാരന്റെയടുക്കൽ, വിശേഷാൽപ്രതിയ്ക്ക് ഒരു ലേഖനത്തിനുവേണ്ടി ചെന്നു. ഇടശ്ശേരിയെപ്പോലെ ഖദറും വേഷ്ടിയും ധരിക്കുന്ന സാഹിത്യകാരൻ. അദ്ദേഹം പറഞ്ഞു: "ഞാൻ പാമ്പിനെ സ്നേഹിക്കും, പക്ഷേ, വിഷപ്പാമ്പിനെ വിഷമമാണ്." അക്കാലത്തും ഇടശ്ശേരി-ഖദർധാരിയായ ഇടശ്ശേരി ദേശാഭിമാനിയെ സഹായിച്ചു. ഇത് കേവല വ്യക്തിബന്ധത്തിന്റെ പേരിലല്ല. ദേശാഭിമാനിയുടെ പാർട്ടി ഏതു ജനലക്ഷങ്ങൾക്കുവേണ്ടി നിലകൊള്ളുന്നു. അവരോടുള്ള അപാരമായ കൂറുകൊണ്ടുമാത്രം. അതുകൊണ്ട് അദ്ദേഹം കമ്മ്യൂണിസ്റ്റ് (മാർക്സിസ്റ്റ്) പാർട്ടിയുടെ ആളായിരുന്നെന്നല്ല പറയുന്നത്. പറയുന്നതുകൊണ്ടും വലിയ ദോഷമൊന്നുമില്ല. പുരോഗമന സാഹിത്യപ്രസ്ഥാനത്തിന്റെ തകർച്ചയ്ക്കുശേഷം, ആ രംഗം വീണ്ടും ഗുണംപിടിപ്പിക്കാൻ ശ്രമിക്കുന്ന ദേശാഭിമാനി സ്റ്റഡീസർക്കിളുമായി അദ്ദേഹം പുലർത്തിയ ഉറ്റബന്ധം ഒരവാർഡിനും വേണ്ടിയായിരുന്നില്ല. സ്റ്റഡിസർക്കിളിന്റെ പ്രാരംഭകാല സെമിനാർ മുതൽ അതിൽ സഹകരിച്ചും പ്രസംഗിച്ചും ഇടശ്ശേരി സ്റ്റഡിസർക്കിൾ പ്രസ്ഥാനത്തെ ആത്മാർഥമായിത്തന്നെ സഹായിച്ചിട്ടുണ്ട്.

**തിരിച്ചുവന്നില്ല**

അഹമ്മദാബാദിൽ ഒക്ടോബർ 17-ന് ദേശാഭിമാനി ഗ്രൂപ്പിന്റെയും, കേരള കലാമണ്ഡലത്തിന്റെയും ആഭിമുഖ്യത്തിലുള്ള സാഹിത്യസെമിനാർ ഇടശ്ശേരിയുടെ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തി; തുടർന്നുള്ള ദിവസങ്ങളിലെ എല്ലാ യോഗങ്ങളും – അതിൽ ഗുജറാത്തികളും ഉണ്ടായിരുന്നു – ഇടശ്ശേരിയെ അനുസ്മരിച്ചുകൊണ്ട് ആരംഭിച്ചു. സത്യത്തിൽ നിര്യാണവാർത്ത കേട്ട് തരിച്ചുപോയ എന്റെ ഹൃദയം സ്വസ്ഥമായത് ഈ സമ്മേളനങ്ങളോടെയാണ്. ഇതെഴുതുന്നതുവരെയും എനിക്ക് ഇടശ്ശേരിയുടെ വീട്ടിൽ ചെല്ലാനോ അഭിവന്ദ്യയും, സ്നേഹനിധിയുമായ അദ്ദേഹത്തിന്റെ ഭാര്യയെ ചെന്നുകാണാനോ കഴിഞ്ഞിട്ടില്ല. വല്ലാത്ത അപരാധബോധം!

ആഗസ്റ്റ് 18-ന് ഇ.എം.എസ്സിന്റെ പ്രസംഗം കേൾക്കാൻ തീർച്ചയായും വരുമെന്ന് പറഞ്ഞാണ് 17-ന് തിരൂരിൽനിന്നും പോയത്. ഏതോ പൊതുപ്രശ്നത്തിൽ കുരുങ്ങിപ്പോയതിനാൽ അന്ന് വരാൻ കഴിഞ്ഞില്ലെന്നും, അതൊരു വലിയ നഷ്ടമായിപ്പോയെന്നും പിന്നീടദ്ദേഹം എന്നോട് പറഞ്ഞു.

പൊന്നാനിയുടെ ഭൂമിശാസ്ത്രം, അവിടെയുള്ള മനുഷ്യരുടെ തരാതരം, വസ്തുക്കളുടെ കിടപ്പ്, വസ്തുതർക്കം, ഇതൊക്കെ വളരെ ഹൃദിസ്ഥമാണ് ഇടശ്ശേരിക്ക്. അതൊക്കെ അദ്ദേഹത്തിന്റെ ആധാരമെഴുത്തു തൊഴിലിന്റെ അനുഭവജ്ഞാനം മൂലമാണ്. അക്ഷരാർഥത്തിൽതന്നെ ഇടശ്ശേരി എഴുത്ത് ഒരു തൊഴിലാക്കിയ ആളായിരുന്നു. പക്ഷേ, കവിത എഴുത്തുകൊണ്ട് അത്രയ്ക്കൊന്നും നേടിയിട്ടില്ല. നേടിയതു മുഴുവൻ വായനക്കാരാണ്.

**'തീരെ സുഖമില്ല'**

കുറേ നാളായി അദ്ദേഹം അയയ്ക്കുന്ന കത്തിൽ ഒരു വാചകം കാണും. "തീരെ സുഖമില്ല – നിർബന്ധം കൊണ്ട് സമ്മതിക്കുന്നതാണ്." ഈ അസുഖത്തിന്റെ വിശദാംശം ഒരിക്കൽപോലും വെളിപ്പെടുത്തിയിട്ടുമില്ല. 1971 ഡിസംബർ 16-ന് അദ്ദേഹം എഴുതിയ കത്തിൽ ഇപ്രകാരം പറഞ്ഞു:

ഒരു നല്ല വാർത്ത: എന്റെ മകൾ ഡിസംബർ പത്തിന് പ്രസവിച്ചു. പുലർച്ചെ. ആൺകുട്ടിയാണ്. സുഖമായിരിക്കുന്നു. അങ്ങനെ മനസ്സ് തൽക്കാലത്തേയ്ക്കെങ്കിലും അല്പം കനം കുറഞ്ഞിട്ടുണ്ട്. കുടുംബങ്ങൾ അടുത്തുണ്ടോ, ക്ഷേമം തന്നെയല്ലേ! ഏതെങ്കിലും വളരെ ചെറിയ ഒരു കാര്യം ഇടശ്ശേരിക്കുവേണ്ടി ചെയ്താൽ മതി. എത്ര ഉദാരമായിട്ടാണ് കൃതജ്ഞത രേഖപ്പെടുത്തുന്നത്. ഒരിക്കൽ, ഏതോ പൊതു ആവശ്യത്തിനുവേണ്ടി ഞങ്ങളുടെ ഒരു പാർട്ടി സഖാവിന് ഇടശ്ശേരിയെ പരിചയപ്പെടുത്തിക്കൊണ്ട് ഞാൻ ഒരു കത്തുകൊടുത്തു. അതുമായി ആ സഖാവിനെ ചെന്നുകണ്ടതിനുശേഷം മഹാകവി എഴുതി:

കത്തു വായിച്ചു. ഉടനെത്തന്നെ ഞങ്ങളോടൊപ്പം ഒരു ഒഴിഞ്ഞ ബസ്സിൽ ഇരുന്നു സംസാരിച്ചു. ഏറ്റവും അനുഭാവപൂർവം. അദ്ദേഹം ഇങ്ങനെ ക്ഷീണിച്ചിരിക്കുമ്പോൾ എങ്ങനെയാണ് ഈ ആവലാതി പറയുക എന്ന് ഞങ്ങൾക്ക് തോന്നിയിരുന്നു. പക്ഷേ, അദ്ദേഹത്തിന്റെ പെരുമാറ്റം അത്രയ്ക്ക് സ്നേഹാദരപൂർണമായതുകൊണ്ട് എല്ലാം പറയാൻ സാധിച്ചു. (71 ആഗസ്റ്റ്7) ദേശാഭിമാനി സ്റ്റഡിസർക്കിൾ കണ്ണൂർജില്ലാ സമ്മേളനത്തിൽ പങ്കെടുക്കണമെന്ന് കാണിച്ച് എഴുതിയതിന് ഇടശ്ശേരിയുടെ ഹൃദയസ്പർശിയായ ഒരു കത്തിലെ ചില വാചകങ്ങൾ ഇതാണ്:

ഇങ്ങനെ നിർബന്ധം പിടിച്ചാൽ ഈയുള്ളവൻ കുഴങ്ങിപ്പോകുകയേയുള്ളൂ. കണ്ണൂര് ഒരു ദിവസം ഞാൻ വരാം. അതു എന്നു വേണമെന്ന് അറിയിക്കൂ. എനിക്കു വയ്യ. കുറച്ചു ദിവസമായി എങ്ങും പോകാറില്ല. (72 ഏപ്രിൽ 4) പൊന്നാനി ഗ്രാമത്തിൽപ്പെട്ട ഒരു സുഹൃത്ത് എന്നെ ഏതോ പറഞ്ഞ് തെറ്റിദ്ധരിപ്പിച്ചതുമൂലം ഞാൻ ഇടശ്ശേരിക്ക് അല്പം വേദനയോടുകൂടി ഒരു കത്ത് എഴുതുകയുണ്ടായി. അതിന് അയച്ച മറുപടിയിൽ നിഷ്കളങ്കവും സ്നേഹവാത്സല്യഭരിതവുമായ ഇടശ്ശേരിയുടെ ഹൃദയസ്വനം കേൾക്കുക:

"കത്ത് ഇവിടെ വന്നപ്പോൾ ഞാൻ കോട്ടയത്തായിരുന്നു. ഇന്നലെ തിരിച്ചെത്തി. എന്നെ ഇത്രയധികം വേദനിപ്പിച്ച ഒരു കത്ത് അടുത്തൊന്നും കിട്ടിയിട്ടില്ല. താങ്കളിൽ ഞാനർപ്പിച്ച വിശ്വാസത്തിനോ, സ്നേഹത്തിനോ, ബഹുമാനത്തിനോ കടുകിടയെങ്കിലും കുറവുവന്നിട്ടില്ലെന്ന് ഉറപ്പുതരുന്നു. അതുകൊണ്ട്, സിംപോസിയക്കാര്യം മറക്കാൻ തന്നെ എനിക്കു വിഷമമില്ല. ദേശാഭിമാനിയോട് അല്പം രസക്ഷയം തോന്നി എന്നത് മറച്ചുവെക്കുന്നില്ല. പക്ഷേ, സ്റ്റഡിസർക്കിളിന്റെ യോഗത്തിന് വരാതിരിക്കാൻ അതല്ല കാരണം.

24-ന് കൊടുവായൂർ ചെല്ലണമെന്ന് ഇയ്യങ്കോട് എഴുതിയിരുന്നു. പക്ഷേ, mother-in-law വളരെ തകരാറിലാണ്. രാത്രി ഇവിടെനിന്ന് വിട്ടുനിന്നുകൂട. ഞാനും ഭാര്യയും മകളും മാത്രമേ ഇവിടെ ഉള്ളൂ. ആൺകുട്ടികൾ രണ്ടും അവിടെ കോഴിക്കോട്ടാണ്. കൊടുവായൂരിൽ പോയി സമ്മേളനത്തിൽ സംബന്ധിച്ച് വല്ല തെറ്റിദ്ധാരണയുമുണ്ടായിട്ടുണ്ടെങ്കിൽ തീർക്കാമെന്ന് കരുതിയത് ഇങ്ങനെയും കലാശിച്ചു. ഞാൻ എന്റെ വിഷമങ്ങൾ ഇയ്യങ്കോടിനെ അറിയിച്ചിട്ടുണ്ട്.

ഞാൻ എന്നും താങ്കളുടെയും ദേശാഭിമാനിയുടെയും ഒരു സുഹൃത്താണ് എന്ന് ഒന്നുകൂടി ഉറപ്പിച്ചുപറയട്ടെ.

(78 നവംബർ 21)

ദേശാഭിമാനിയോട് ഉണ്ടായ താൽക്കാലിക രസക്ഷയത്തിന് കാരണം മാരാർ സിംപോസിയത്തിന് ദേശാഭിമാനി സംഭാവന നൽകണമെന്ന് കെ.വി. രാമകൃഷ്ണൻ, പി.എം. പള്ളിപ്പാട്ട് എന്നി

വരോടൊപ്പം ഇടശ്ശേരി ദേശാഭിമാനിയാപ്പീസിൽ വന്ന് നേരിട്ട് അഭ്യർഥിച്ചത് കൊടുക്കാൻ കഴിയാത്തതുമൂലമാണ്. കൊടുക്കാൻ കഴിയാതിരുന്ന സാഹചര്യം പിന്നീടദ്ദേഹത്തോട് പറഞ്ഞപ്പോൾ പൂർണമായി ബോധ്യപ്പെടുകയും പൊട്ടിച്ചിരിക്കുകയും ചെയ്തു.

മഹാകവി ദേശാഭിമാനിക്കു എഴുതിയ അവസാനത്തെ കത്ത് 74 ജൂലായ് 5-നാണ്. അതിൽ പറയുന്നു:

തല പൊന്തുന്നില്ല, ജലദോഷം. എസ്.പി.സി.എസ്സിൽ വോട്ടു ചെയ്യാൻ പോയപ്പോൾ കോട്ടയത്തുനിന്നു കിട്ടിയതാണ്. മാറുന്നില്ല. അപ്പോഴാണ് തുടരെത്തുടരെ കത്തുകൾ. എന്തുചെയ്യും. ഒരുവിധം ഒന്നു തട്ടിപ്പടച്ച് അയയ്ക്കുന്നു. പറ്റുമോ എന്ന് നോക്കൂ. ഇക്കൊല്ലത്തെ ദേശാഭിമാനി ഓണം വിശേഷാൽപ്രതിയിൽ ഈ കവിത പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ദേശാഭിമാനിക്ക് അദ്ദേഹം എഴുതിയ അവസാനത്തെ കവിതയുമാണിത്. എനിക്കു എഴുതിയ അവസാനത്തെ കത്തും. 1964 മുതൽ ഇടശ്ശേരി ദേശാഭിമാനിയിലേക്കു എനിക്കയച്ച കത്തുകൾ പലതും ഞാൻ ഈയിടെ കമ്പി ഫയലിൽനിന്നു ഊരി വായിച്ചുനോക്കി. ഓരോ കത്തും സ്നേഹവാത്സല്യങ്ങൾകൊണ്ട് തുടിക്കുന്നതാണ്.

### കവിയുടെ സാമൂഹ്യബോധം

കേരളത്തിലെ പുരോഗമന സാഹിത്യപ്രസ്ഥാനമാണ് തനിക്കു 'സാമൂഹ്യബോധം' ഉണ്ടാക്കിയതെന്ന് യാതൊരു കലവറയും കൂടാതെ ഇടശ്ശേരി തുറന്നു പ്രസ്താവിച്ചിട്ടുണ്ട്. 1971 നവംബർ 21-ന് കോഴിക്കോട് ഗാന്ധിഗൃഹം ഓഡിറ്റോറിയത്തിൽ ദേശാഭിമാനി സ്റ്റഡിസർക്കിളിന്റെ സെമിനാറിൽ അധ്യക്ഷതവഹിച്ചുകൊണ്ട് ഇടശ്ശേരി പ്രസ്താവിച്ചു.

"സാഹിത്യകാരന് സാമൂഹ്യബോധമുണ്ടോ എന്ന ചോദ്യം അയാൾക്ക് ജീവനുണ്ടോ എന്നു ചോദിക്കുന്നതിന് തുല്യമാണ്. സാമൂഹ്യബോധമില്ലെങ്കിൽ സാഹിത്യകാരന്റെ നിലനില്പിന് വിശേഷിച്ച് അർഥമൊന്നുമില്ല. സാഹിത്യകാരനെ സംബന്ധിച്ചിടത്തോളം സാമൂഹ്യബോധം എത്ര പ്രധാനമാണ് എന്ന് മനസ്സിലാക്കാൻ എന്നെ സഹായിച്ചത് പുരോഗമന സാഹിത്യ പ്രസ്ഥാനമാണ്. സാഹിത്യകാരനായാലും രാഷ്ട്രീയക്കാരനായാലും സാമൂഹ്യപുരോഗതിയാവണം അയാളുടെ ഉന്നം എന്നു പഠിപ്പിച്ചത് ഈ സാഹിത്യപ്രസ്ഥാനമാണ്. സാഹിത്യത്തെപ്പറ്റി എപ്പോഴായാലും സംസാരിക്കുമ്പോൾ ഊന്നിപ്പറയേണ്ടത് സൗന്ദര്യബോധത്തെക്കുറിച്ചാണ്. സൗന്ദര്യബോധത്തിന്റെ കുറവാണ് ഇന്ന് സകല കുഴപ്പങ്ങൾക്കും കാരണം."

### മനുഷ്യസ്നേഹം

മനുഷ്യരിൽ അപാരമായ വിശ്വാസവും സ്നേഹവുമാണ് ഇടശ്ശേരി അർപ്പിച്ചിരുന്നത്. അദ്ദേഹം പറയുന്നു:

"ആത്മാവിന്മേൽ പറ്റിപ്പിടിച്ചുനിൽക്കുന്ന തൊപ്പകളെല്ലാം പറിച്ചുനീക്കൂ, അപ്പോൾ കാണാം ജന്മനാ ഏതു മനുഷ്യനും നല്ലവനാണ്. ഞാൻ മനുഷ്യനെ ഇഷ്ടപ്പെടുന്നതുകൊണ്ട് കവിത എഴുതുന്നു. എല്ലാ പ്രഭാതങ്ങളേക്കാളും എല്ലാ സായാഹ്നങ്ങളേക്കാളും മനോഹരമാണ് മനുഷ്യൻ. മനുഷ്യന് നന്ദിയുണ്ട്. പകയുണ്ട്. വീറുണ്ട്. വികാരമുണ്ട്. ഇതൊക്കൊകൊണ്ട് ഞാൻ മനുഷ്യനെ സ്നേഹിക്കുന്നു. മനുഷ്യവികാരങ്ങളെ ഞാൻ സ്വാംശീകരിക്കുന്നു. എത്രവേദനിച്ചാലും മുന്നോട്ടു പോകുക എന്നതാണ് മനുഷ്യജീവിതത്തിന്റെ സ്വഭാവം. ഇവിടെ മരവിപ്പ്, വികാരരാഹിത്യം - ഇതൊക്കെ എന്തുകൊണ്ട് നശിപ്പിച്ചുകൂട. എനിക്ക് കണ്ണുനീർതുള്ളി ഇഷ്ടമാണ്. അത് വീറിന്റേതായാൽ ഏറെ സ്വാഗതം! ഭീരുവിന്റേത് തട്ടിത്തെറിപ്പിക്കും. മനുഷ്യന്റെ സൗന്ദര്യം - അത് പുരോഗതിയുടെ മുഖമുദ്ര. എനിക്കനുകൂലമല്ലാത്ത പരിതഃസ്ഥിതിയായതിനാൽ വിനയമില്ല എന്നു പറയുന്നത് ശരിയല്ല. മനുഷ്യന് പരിമിതികളുണ്ട്. എന്നാൽ, എതിർശക്തികളോട് പടവെട്ടാനുള്ള വീറുമുണ്ട്. അങ്ങനെ മുന്നേറുക. ഇതാണ്, ജീവിതം. ഇതല്ലാത്തത് ജീവിതമല്ല. മുന്നേറുന്ന ജീവിതത്തിനുവേണ്ടി ഞാൻ എഴുതുന്നു. (കാസർക്കോട് സാഹിത്യപരിഷത്ത് പ്രസംഗത്തിൽനിന്ന്) അറുപതു തികഞ്ഞ ഈ മനുഷ്യന്റെ ശബ്ദം ധർമോപാസനയുടേതാണെന്ന് ആരോ എഴുതിയത് വായിച്ചപ്പോൾ സഹതാപം തോന്നിപ്പോയി.

### എന്താണ് പുരോഗമന സാഹിത്യം

പുരോഗമന സാഹിത്യത്തെക്കുറിച്ച് ഇടശ്ശേരി പറയുന്നതു ശ്രദ്ധിക്കാം: "ഇന്ത്യ ഇന്നൊരു സോഷ്യലിസ്റ്റ് രാഷ്ട്രം ആണെന്നാണല്ലോ പറയുന്നത്. അതിന്റെ ഫലമായി സ്ഥാനമാനങ്ങൾ പൊയ്പ്പോയ രാജാക്കന്മാർ മുതൽ ഇത്തിരി ജന്മാവകാശം നഷ്ടപ്പെട്ട സാധുമനുഷ്യർവരെയുള്ളവർക്ക് ദുഃഖമുണ്ട്. ആ ദുഃഖം മറ്റേതൊരു ദുഃഖത്തേയും പോലെയും സഹാനുഭൂതിയോടെ ശ്രദ്ധിക്കേണ്ടതുമാണ്. ഇത് എന്നെ ഒരു സാഹിത്യകൃതിക്ക് പ്രേരിപ്പിക്കുമ്പോൾ ഇവർക്കെല്ലാം നഷ്ടപ്പെട്ട സ്ഥാനമാനങ്ങൾ അതേപടി നേടിക്കൊടുക്കുകയും തൽഫലമായി ഇന്ത്യയിലെ അദ്ധ്വാനിക്കാൻ തയാറായ കോടാനുകോടി മനുഷ്യർക്ക് ശാശ്വതമായ ചങ്ങലക്കെട്ടുകളെ ആശംസിക്കുകയും ചെയ്യുന്നതാണ് ആ കൃതി എങ്കിൽ അതിനു എന്തെല്ലാം മേന്മയുണ്ടെങ്കിൽ തന്നെയും അതൊരു പിന്തിരിപ്പൻ കൃതിയായിട്ടല്ലാതെ വീക്ഷിക്കാൻ നിവൃത്തിയില്ല. മറിച്ച് വിഷയം അതുതന്നെ. സ്ഥാനഭ്രഷ്ടരായ വ്യക്തികളെ വീണ്ടും സമുദായത്തിന്റെ ഇഴക്കുത്തുകളിൽ ഭംഗിയായി

നിവേശിപ്പിക്കാനുള്ള ഏതെങ്കിലും നിർദ്ദേശങ്ങൾ ആ കൃതിയിൽ അടങ്ങിയിട്ടുണ്ടെങ്കിൽ അവയെ നാം പുരോഗമന സാഹിത്യ കൃതിയായി സ്വീകരിക്കുകയും ചെയ്യും. പിന്തിരിപ്പൻസാഹിത്യത്തെക്കുറിച്ച് പറയുമ്പോൾ ആദ്യമായി ഒരുദാഹരണം തരാം.

"ജാതി, ഹ! നരകത്തിൽനിന്നു പൊന്തിയ ശബ്ദം
പാർതിന്നും ചെകുത്താന്റെ ഏട്ടിലെ രണ്ടക്ഷരം."

ഇത് വള്ളത്തോൾ എഴുതിയതാണെന്നാണ് എന്റെ ഓർമ. അക്കാലത്ത് ഒരു രസികൻ ഇത് ഇപ്രകാരം തിരുത്തിവായിക്കുന്നത് കേട്ടു:

"ജാതി, ഹ! സ്വർഗത്തിങ്കൽനിന്നു
പൊന്തിയ ശബ്ദം
പാർ താങ്ങും തമ്പുരാന്റെ ഏട്ടിലെ രണ്ടക്ഷരം

"ജാതിക്കുശുമ്പുകൊണ്ട് ബ്രിട്ടന്റെ അടിമത്തത്തിൽ കിടന്നു വലയുമ്പോഴാണ് ഈ കവിതയും ഈ പാരഡിയും പുറത്തുവരുന്നത്. ഈ പാരഡി മുന്നിൽവച്ച് അത് പിന്തിരിപ്പൻ സാഹിത്യമല്ല എന്നു പറയാൻ ധൈര്യം വരുന്നില്ല."

അനുകാലസമൂഹത്തിന്റെ വികാരവിചാരങ്ങൾ ഒരു കവിയിൽ സ്വാധീനം ചെലുത്താതെ വയ്യ. അവൻ അതിൽ ഉപേക്ഷാഭാവം കൈക്കൊള്ളുകയാണെങ്കിൽ ഒരു യഥാർഥ കവിയല്ലാതായിത്തീരും. ആ സ്വാധീനതക്കു വഴങ്ങി കലാസൃഷ്ടികൾ നടത്തുമ്പോൾ തലേന്നുവരെ പക്ഷേ, ഉണ്ടായിട്ടില്ലാത്ത ചില പുതുമകൾ (ആശയാവിഷ്കാരത്തിലും പ്രതിപാദനത്തിലും) ആ കൃതിയിൽ ഉണ്ടാകാതെ വയ്യ. ഒരേ സമയത്തുതന്നെ സ്വന്തം സമൂഹത്തിന്റെ കഷ്ടപ്പാടുകളിൽ പങ്കെടുക്കുകയും സ്വന്തം ഭാവനയിൽ മനുഷ്യകൃതമായ ദുഃഖത്തിൽനിന്ന് വിമോചിതമായ ഒരു പുതിയ സമൂഹത്തെ കാണുകയും ചെയ്യുക സ്വാഭാവികമാണ്. ഈ രണ്ടു വീക്ഷണഗതികളും പ്രായോഗികമാകുമ്പോൾ നൂതനമായ- അപൂർവരൂപഭാവനകളോടുകൂടിയ - ഒരു കൃതി ഉടലെടുക്കും. അവിടെയും പ്രധാന പ്രശ്നം അതിൽ കവിത ഉണ്ടോ എന്നതാണ്. അല്ലാതെ, കാലികമോ, അനശ്വരമോ എന്നതല്ല. വിഷയം കാലികമാണെങ്കിൽക്കൂടി കൃതികൾ അനശ്വരമായിരിക്കുമെന്നാണ് എന്റെ വിശ്വാസം." (ദേശാഭിമാനി വാരിക 1971 ഫെബ്രുവരി 14)

### സ്റ്റഡിസർക്കിളുമായുള്ള ബന്ധം

ദേശാഭിമാനി സ്റ്റഡിസർക്കിളിന്റെ സാഹിത്യചർച്ചകളിൽ ആദ്യം ഇടപെട്ടവരിൽ പ്രധാനി ഇടശ്ശേരി തന്നെയാണ്. 1971-ലെ ദേശാഭിമാനി വാരിക റിപ്പബ്ളിക് വിശേഷാൽപ്രതിയിൽ ഇ.എം.എസ്. എഴുതിയ 'പുരോഗമന സാഹിത്യവും കമ്മ്യൂണിസ്റ്റ് സാഹിത്യവും' എന്ന പ്രബന്ധം വായിച്ചു പഠിച്ചതിനുശേഷം അതീവ സംതൃപ്തിയോടെ ഇടശ്ശേരി ഇ.എം.എസ്സിനെ പ്രശംസിച്ചു. "ഇതെഴുതിയ ഇ.എം.എസ്സിനെ എനിക്ക് പ്രശംസിക്കാൻ തോന്നി." ഈയഭിപ്രായം അദ്ദേഹം ഒന്നുകൂടി വിശദീകരിച്ചത് ഇപ്രകാരമാണ്:

"സാഹിത്യകാരൻ സമൂഹത്തിന്റെ വേരുകൾ ശ്രദ്ധിക്കുന്നുണ്ടോ എന്നാണ് നമുക്ക് നോക്കേണ്ടത്. പുരോഗമനസാഹിത്യകാരന്മാരായാലും അല്ലാത്തവരായാലും അന്യോന്യം ആശയങ്ങൾ കൈമാറാൻ ഒരു സ്റ്റേജ് വേണം. അതിന്റെ അഭാവത്തിൽ ആശയങ്ങൾ തുരുമ്പുപിടിച്ചുപോകുകയേ ഉള്ളൂ. ഒരു പൊതുവേദി ഉണ്ടാക്കണമെന്ന ഇ.എം.എസ്സിന്റെ നിർദേശം വളരെ നന്നായി. അന്യോന്യം കൂടുപിടിക്കാനും, അറിയാനുമുള്ള ഈ അഭിപ്രായം അവതരിപ്പിച്ചതിന്, അദ്ദേഹത്തെ നമിക്കാൻ തോന്നുന്നു. (1971 നവംബർ 21, ദേശാഭിമാനി വാരിക)

ഈ പൊതുവേദിയിൽ- ദേശാഭിമാനി സ്റ്റഡിസർക്കിളിന്റെ വേദിയിൽ - എത്രയോ പ്രാവശ്യം പിന്നീട് ഇടശ്ശേരി പങ്കെടുത്തു, പ്രസംഗിച്ചു. ചെറുതും വലുതുമായ നിരവധി സദസ്സുകളിൽ. ഒടുവിൽ അഞ്ച് കൊല്ലക്കാലംകൊണ്ട് വളർന്നെത്തിയ സ്റ്റഡിസർക്കിളിന്റെ കേരളാ സമ്മേളനം തിരൂരിൽ ഉദ്ഘാടനം ചെയ്യാനും വന്നെത്തി. ആ മഹാശയന്റെ സാന്നിധ്യം സ്റ്റഡിസർക്കിൾ പ്രവർത്തകരായ ഞങ്ങൾക്കെല്ലാം ആവേശവും ആശ്വാസവും ഉറപ്പും പ്രദാനം ചെയ്തുകൊണ്ടിരുന്നു.

എഴുത്തിലും പ്രസംഗത്തിലും കവിതയിലും സ്വന്തം ജീവിതവീക്ഷണം അതിശക്തമായി പ്രകടിപ്പിക്കുന്നതിൽ ഇടശ്ശേരി ഒരിക്കലും ഒരു ഒളിവും കാണിച്ചിട്ടില്ല. ചില എഴുത്തുകാരുണ്ട്, നല്ല സാമൂഹ്യച്ചുവയുള്ള കഥകൾ എഴുതും, പ്രസംഗത്തിലും പ്രബന്ധങ്ങളിലും സാമൂഹ്യബോധത്തെ തള്ളിപ്പറയുന്ന 'ദർശനം' ഉയർത്തിപ്പിടിക്കുകയും ചെയ്യും. ഈ കാപട്യക്കാർ ഇടശ്ശേരിയിൽനിന്ന് എത്രയോ പഠിക്കാനുണ്ട്. മനുഷ്യൻ; സമൂഹം, പ്രകൃതി എന്നിവയോടുള്ള ഇടശ്ശേരിയുടെ ആഭിമുഖ്യം എന്ത് എന്ന് മേൽകൊടുത്ത അഭിപ്രായങ്ങൾ വ്യക്തമാക്കുന്നു. ഉജ്ജ്വലവും പുരോഗമനപരവുമായ ഈ വീക്ഷണത്തോടുകൂടിവേണം സാഹിത്യകലാ സാംസ്കാരിക രംഗങ്ങളിലെ പുതിയ തലമുറ ഇടശ്ശേരികൃതികളെ സമീപിക്കുവാൻ. ഖദർധരിച്ചു, ആത്മീയവാദിയായിരുന്നു - ഇതൊന്നും ശക്തനായ ആ കവിയെ പഠിക്കാൻ ആരും മുൻവിധികളായെടുക്കരുത്. സൃഷ്ടികൾകൊണ്ടും മറ്റ് പ്രവർത്തനങ്ങൾകൊണ്ടും പുരോഗമന സാഹിത്യപ്രസ്ഥാനത്തെയും അതുവഴി നമ്മുടെ മലയാള കാവ്യശാഖയേയും പ്രഭോജ്ജ്വലമാക്കിയ മഹാകവി ഇടശ്ശേരി വളർന്നുമുന്നേറുന്ന ശക്തികൾക്ക് എന്നും പ്രചോദനകേന്ദ്രം തന്നെ. അദ്ദേഹത്തിന് നമുക്ക് ആദരപൂർവം അഞ്ജലികൾ അർപ്പിക്കുക.

ദേശാഭിമാനി വാരിക